"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു ഭരണ വകുപ്പ് - 2024-ലെ ജീവൻ രക്ഷാ പതക് ശ്രേണി പുരസ്കാരങ്ങൾ – കേരളത്തിൽ നിന്ന് പുരസ്കാരത്തിനർഹമായ വ്യക്തികൾക്ക് സംസ്ഥാന സർക്കാരിന്റെ ഒറ്റത്തവണ സാമ്പത്തിക ആനുകൂല്യം - വിതരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു ഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

സ.ഉ.(സാധാ) നം.3012/2025/പൊ.ഭ.വ തീയതി, തിരുവനന്തപുരം,11.07.2025

പരാമർശം: 1. 03.08.2018 ലെ (എം.എസ്) നം. 167/2018/പൊഭവ ഉത്തരവ്.

2. 07.05.2025 ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 17/1/2024-Public നമ്പർ കത്ത്.

3. എറണാകുളം ജില്ലാ കളക്ടറുടെ 25.06.2025 ലെ DCEKM/6816/2023-A4 നമ്പർ. കത്ത്.

4. മലപ്പുറം ജില്ലാ കളക്ടറുടെ 25.06.2025 ലെ DCMPM/5446/2023-G6 നമ്പർ. കത്ത്.

5. ആലപ്പുഴ ജില്ലാ കളക്ടറുടെ 24.06.2025 ലെ DCALP/12094/2023-N5 നമ്പർ. കത്ത്.

**ഉത്തരവ്**

മനുഷ്യത്വപരവും ജീവകാരുണ്യപരവുമായ രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവർക്ക് എല്ലാ വർഷവും ജീവൻ രക്ഷാ പതക് ശ്രേണിയിലുള്ള പുരസ്കാരങ്ങൾ ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി പ്രഖ്യാപിക്കാറുണ്ട്. ഇപ്രകാരം 2024-ാം വർഷത്തെ ജീവൻ രക്ഷാ പതക് ശ്രേണിയിലുള്ള പുരസ്കാരത്തിന് കേരളത്തിൽ നിന്നുള്ള 03 (മൂന്ന്) വ്യക്തികൾ അർഹരായതായി, കേന്ദ്ര ആഭ്യന്തര മന്ത്രാലയം പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന് പുറമെ സംസ്ഥാന സർക്കാരും പാരിതോഷികം എന്ന നിലയ്ക്ക് ഈ പുരസ്കാര ജേതാക്കൾക്ക് ഒറ്റത്തവണ സാമ്പത്തിക ആനുകൂല്യം നൽകി വരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരമുള്ള പുതുക്കിയ നിരക്കിലാണ് ഇവ വിതരണം ചെയ്യുന്നത്. പ്രസ്തുത തുക DBT മുഖാന്തിരം കൈമാറുന്നതിന് പുരസ്കാരത്തിനർഹമായവരുടെ ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ പരാമർശം (3), (4), (5) പ്രകാരം ലഭിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ, 2024 വർഷത്തെ ജീവൻ രക്ഷാ പതക് പുരസ്കാര ജേതാക്കളായ, കേരളത്തിൽ നിന്നുള്ള, ചുവടെ ചേർക്കുന്ന (03) മൂന്ന് പേർക്ക് സംസ്ഥാന സർക്കാരിന്റെ ഒറ്റത്തവണ സാമ്പത്തിക ആനുകൂല്യം നൽകുന്നതിനായി 1,10,000/- രൂപ (ഒരുലക്ഷത്തിപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. അർഹരായവരുടെ വിവരവും അനുവദിക്കുന്ന തുകയും സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു.

| നം. | പുരസ്കാര ജേതാക്കളുടെ പേര് വിവരങ്ങൾ | ലഭിച്ച അവാർഡ് | അനുവദിച്ച തുക | തുക വിതരണം ചെയ്യേണ്ട ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | Late മനേഷ്.കെ.എം, H/o ശ്രീമതി.വിദ്യാലക്ഷ്മി.പി.എസ്, കല്ലുപറമ്പിൽ ഹൗസ്, സുവർണ്ണ നഗർ, ഏരൂർ സൗത്ത് പി.ഒ, തൃപ്പൂണിത്തുറ, എറണാകുളം - 682306 | സർവ്വോത്തം ജീവൻ രക്ഷാ പതക് | Rs.50,000/- + Rs.20,000/- | വിദ്യാലക്ഷ്മി.പി.എസ്, അക്കൗണ്ട് നമ്പർ: 42387413368 SBI, ഏരൂർ IFSC - SBIN0071236 |
| 2 | കുമാരി. ദിയ ഫാത്തിമ. എസ്, D/o ശ്രീസനൽ, 31/1983-33, കരിമഠം കോളനി, ചാല, തിരുവനന്തപുരം - 695023 | ജീവൻ രക്ഷാ പതക് | Rs.20,000/- | ദിയ ഫാത്തിമ. എസ്, അക്കൗണ്ട് നമ്പർ: 43852737647 SBI, തുമ്പമൺ IFSC - SBIN0070080 |
| 3 | ശ്രീ മുഹമ്മദ് ഹാഷിർ. എൻ.കെ, S/o ശ്രീമുഹമ്മദ് ഹനീഫ, നടക്കാശ്ശേരി കടംകൊണ്ട ഹൗസ്, ചേലാമ്പ്ര.പി.ഒ, മലപ്പുറം - 673634 | ജീവൻ രക്ഷാ പതക് | Rs.20,000/- | മുഹമ്മദ് ഹാഷിർ നടക്കാശ്ശേരി കടംകൊണ്ട, അക്കൗണ്ട് നമ്പർ: 090221200421832 കേരള ബാങ്ക്, ഇടിമുഴിക്കൽ IFSC - IBKL0209M01 |

മേൽ തുക "2075-104-99 Jeevan Raksha Padaks-NP-V" എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്. പ്രസ്തുത തുക മുകളിൽ വിശദീകരിച്ചിരിക്കുന്ന ക്രമത്തിൽ ബന്ധപ്പെട്ട പുരസ്കാര ജേതാക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറി നൽകുന്നതിനാവശ്യമായ നടപടി പൊതു ഭരണ (അക്കൗണ്ട്സ്- ജെ) വകുപ്പ് സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ പൊതു ഭരണ (എസ്.എസ്) വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

ആർ.ഗോപകുമാർ

OSD IN THE O/o CHIEF SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം / മലപ്പുറം / ആലപ്പുഴ

എല്ലാ പുരസ്കാര ജോതാക്കൾക്കും

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

പൊതു ഭരണ (അക്കൗണ്ട്സ് - ജെ) വകുപ്പ്

ധനകാര്യ (ബഡ്ജറ്റ് വിങ്-ബി) വകുപ്പ്

വിവര-പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ